ബൈബിൾ ചിത്രകഥ - 40

# കുരിശിന്റെ നിഴലിൽ



# കുരിശിന്റെ നിഴലിൽ

യേശു എല്ലാവരെയും സ്നേഹിച്ചു. സ്നേഹിക്കാൻ പഠിപ്പിച്ചു. നന്മ മാത്രമാണ് അവൻ പ്രവർത്തിച്ചത്, ക്ലേശിതർക്ക് ആശ്വാസവും, രോഗികൾക്ക് ആരോഗ്യവും, പാപികൾക്ക് മോചനവും നൽകി. യേശുവിനെ സ്വീകരിക്കാൻ തയ്യാറായവർ പുതിയ വ്യക്തികളായി മാറി. ശാന്തിയും സന്തോഷവും അവരുടെ ഹൃദയങ്ങളിൽ നിറഞ്ഞു തുളുമ്പി. എന്നാൽ ചുരുക്കം പേർ മാത്രമാണ് അപ്രകാരം മാനസാന്തരപ്പെട്ടു പുതിയ മനുഷ്യരായിത്തീർന്നത്. ജനക്കൂട്ടത്തിൽ അധികപങ്കും അവ

നിൽ നിന്ന് അകന്നുമാറി. അധികാരികൾ അവനെതിരേ ഒളിഞ്ഞും തെളിഞ്ഞും ദുഷ്പ്രചരണങ്ങൾ നടത്തുകയും അവനെ നശിപ്പിക്കാൻ ശ്രമിക്കുകയും ചെയ്തു. കാരണം യേശുവിന്റെ വാക്കും പ്രവർത്തികളും അവരുടെ ചിന്താരീതിയെയും ജീവിതശൈലിയെയും ചോദ്യം ചെയ്യുന്നതായിരുന്നു.

ദൈവ സ്നേഹത്തിന്റെ മൂർത്തിമത്ഭാവമാണ് യേശു. അവന്റെ മുമ്പിൽ മനുഷ്യരെല്ലാം തീരുമാനമെടുക്കാൻ നിർബന്ധിതരാകുന്നു. ഒന്നുകിൽ മാനസാന്തരപ്പെട്ട് അവനെ ദൈവപുത്രനും ഏകരക്ഷകനുമായി സ്വീകരി

ക്കുക, അല്ലെങ്കിൽ അവനെ തിരസ്കരിച്ചു സ്വന്തം വഴികളിലൂടെ തുടരുക. ദൈവത്തിന്റെ വഴികൾ തേടാതെ സ്വന്തം ഇഷ്ടം അനുസരിച്ചു ജീവിക്കാൻ തീരുമാനിക്കുന്നവർ യേശുവിനെ തിരസ്കരിക്കുക മാത്രമല്ല എതിർക്കുകയും നശിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. തിരസ്കരിക്കപ്പെട്ട സ്നേഹമാണ് യേശുവിന്റെ മുമ്പിൽ കുരിശായി രൂപപ്പെട്ടത്. യേശുവിന്റെ പരസ്യജീവിതം അതിന്റെ അവസാനത്തോട് അടുക്കുംതോറും അവന്റെ വഴിയിൽ കുരിശിന്റെ നിഴൽ കൂടുതൽ വ്യക്തമാകുന്നത് കാണാം.

പ്രധാന പുരോഹിതനും സംഘവും യേശുവിനെ വധിക്കാൻ മാർഗങ്ങൾ അന്വേഷിച്ചു. തീവ്രവാദികൾ അവനെ തങ്ങളുടെ പദ്ധതികൾക്കു കരുവാക്കാൻ ശ്രമിച്ചു. സ്വന്തം ബന്ധുക്കൾ പോലും അവനിൽ വിശ്വസിക്കാൻ തയ്യാറായില്ല. എന്നാൽ പിതാവു തനിക്കായി നിശ്ചയിച്ച മാർഗ്ഗത്തിലൂടെ യേശു തന്റെ യാത്ര തുടർന്നു. ഈ യാത്ര കുരിശിലേക്കാണു തന്നെ നയിക്കുന്നതെന്ന് യേശുവിനു വ്യക്തമായി അറിയാമായിരുന്നു. നല്ല ഇടയൻ ആടുകളെ വന്യമൃഗങ്ങളിൽ നിന്നു രക്ഷിക്കാൻ വേണ്ടി സ്വന്തം ജീവൻ

അപകടപ്പെടുത്തുന്നതു പോലെയാണ് യേശു നമ്മുടെ രക്ഷയ്ക്കായി സ്വന്തം ജീവൻ അർപ്പിച്ചത്.

യഹൂദരുടെ ഏറ്റം വലിയ പെരുന്നാളുകളിൽ ഒന്നായിരുന്നു കൂടാരത്തിരുന്നാൾ. മരുഭൂമിയിലൂടെയുള്ള യാത്രമദ്ധ്യേ പിതാക്കന്മാർ കൂടാരങ്ങളിൽ വസിച്ചതിന്റെ ഓർമ്മയാചരിക്കുകയും ദൈവം നൽകിയ സംരക്ഷണത്തിന്റെ ഓർമ്മ പുതുക്കുകയും ചെയ്യുന്ന അവസരമായിരുന്നു അത്. മരുഭൂമിയിൽവച്ചു ദൈവം പാറയിൽനിന്ന് അവർക്ക് ജലം നൽകി. എന്നാൽ ദൈവീക ജീവൻ നൽകുന്ന

പരിശുദ്ധമായ ജലം യേശുവാണു നൽകുന്നത്. മരുഭൂമിയിൽവച്ച് അഗ്നിതൂണിലൂടെ ദൈവം പിതാക്കന്മാരെ നയിച്ചു. ലോകത്തിന്റെ പ്രകാശമായ യേശുവിന്റെ പ്രതീകമായിരുന്നു അത്.

രക്തച്ചൊരിച്ചിലിലൂടെ യഥാർത്ഥ മോചനവും സ്ഥായിയായ സ്വാതന്ത്ര്യവും നേടിയെടുക്കാനാവില്ല എന്നു തീവ്രവാദികളുടെ അനുഭവം പഠിപ്പിക്കുന്നു. ദൈവത്തിനു മുമ്പിൽ കുറ്റമറ്റവരായി ആരുമില്ല. അതിനാൽ സ്വന്തം തെറ്റുകൾ തിരുത്താനാണു, മറ്റുള്ളവരെ കുറ്റം വിധിക്കാനല്ല നാം ശ്രമിക്കേണ്ടത്.

ഏകാഗ്രമായ പ്രാർത്ഥനയും നിസ്വാർത്ഥമായ സേവനവും ശിഷ്യത്വത്തിന്റെ ഭാഗങ്ങളാണ്. എന്നാൽ യേശുവിനെ സ്നേഹിക്കുകയും അവിടുത്തെ വാക്കുകൾ കേൾക്കുകയുമാണ് ഏറ്റവും പ്രധാനപ്പെട്ടത് എന്നു മർത്തായുടെയും മേരിയുടെയും ഉദാഹരണം പഠിപ്പിക്കുന്നു.

യേശുവിനെ അനുഗമിക്കുന്നതിനു നമ്മെ തടയുന്ന വലിയൊരു പ്രതിബന്ധമാണ് സമ്പത്ത്. മരണത്തോടെ എല്ലാം നഷ്ടപ്പെടും എന്നറിയാമെങ്കിലും സ്വരുക്കൂട്ടാൻ അല്ലാതെ പങ്കുവയ്ക്കാൻ മനുഷ്യർ പൊതുവേ തയ്യാ

റാകുന്നില്ല. അതിനാൽ സ്വത്തു സമ്പാദിക്കാൻ ശ്രമിക്കുന്നവർക്കു ദൈവരാജ്യത്തിൽ പ്രവേശിക്കുക പ്രയാസമായിരിക്കും എന്ന് ഒട്ടകത്തിന്റെയും സൂചിക്കുഴയുടെയും ഉദാഹരണം പഠിപ്പിക്കുന്നു. ജീവിതം അർത്ഥവത്തും സന്തോഷപ്രദവും ആകണമെങ്കിൽ എല്ലാറ്റിലും ഉപരി യേശുവിനെ സ്നേഹിക്കാനും അവനോടുള്ള സ്നേഹത്തെപ്രതി നമുക്കുള്ളത് അവശതയനുഭവിക്കുന്ന സഹോദരങ്ങളുമായി പങ്കുവയ്ക്കാനും തയ്യാറാകണം. ഇതു കുരിശിന്റെ വഴിയാണ്. ഇതു മാത്രമേ രക്ഷയിലേക്കു നയിക്കുകയുള്ളൂ.

# ബൈബിൾ ചിത്രകഥ-൪൦

# യേശുക്രിസ്തു -10

# കുരിശിന്റെ നിഴലിൽ

രചന : മൈക്കിൾ കാരിമറ്റം

ചിത്രീകരണം : ദേവസി * ബെന്നി

യേശുവിന്റെ വിരോധികളുടെ എണ്ണം നാൾക്കുനാൾ വർദ്ധിച്ചുവന്നു. ശത്രുക്കൾ വിവിധ വേദികളിൽ യേശുവിനെതിരേ ഗൂഢാലോചനകൾ നടത്തി. പ്രധാന പുരോഹിതന്റെ മന്ദിരത്തിൽ:




അവൻ അത്ഭുതങ്ങൾ പ്രവർത്തിക്കുന്നു എന്നു ഞാൻ കേൾക്കുനതിൽ എന്തെങ്കിലും വാസ്തവമുണ്ടോ?
കുറെയെല്ലാം വാസ്തവമാണ്. തളർവാതരോഗി എണീറ്റു നടക്കുന്നത് ഞാൻ കണ്ടു.


കുഷ്ഠരോഗികളെയും പിശാചുബാധിതരെയും സുഖപ്പെടുത്തുന്നുണ്ട്. സാത്താന്റെ സഹായം കൊണ്ടാണെന്നതിൽ സംശയമില്ല.
എന്താണ് അവൻ പ്രധാനമായും പഠിപ്പിക്കുന്നത്?


നിയമം മനുഷ്യനു വേണ്ടിയാണ്. സാബത്തിൽ വേല ചെയ്യുന്നതു തെറ്റല്ല. വിജാതീയരും യഹൂദരും ഒരുപോലെയാണ്.
പ്രവചനങ്ങൾ പൂർത്തിയായി, ദൈവരാജ്യം വന്നു കഴിഞ്ഞു, എന്ന് ആവർത്തിച്ചു പറയുന്നു.


താൻ ആരാണെന്നാണ് അവൻ അവകാശപ്പെടുന്നത്?
നേരിട്ട് ഒരു അവകാശവാദവും ഉന്നയിക്കുന്നില്ല.
പക്ഷേ അവൻ പാപം മോചിക്കുന്നു. മോശ നൽകിയ വിശുദ്ധ പ്രമാണങ്ങൾ തിരുത്തുന്നു.


അടുത്തകാലത്തു മനുഷ്യപുത്രനെക്കുറിച്ചു പറയുന്നുണ്ട്. അതു തന്നെക്കുറിച്ചു തന്നെയോ എന്നറിയില്ല.
ഒരു സംശയവുമില്ല. മനുഷ്യപുത്രനായിട്ടാണ് ഇപ്പോൾ സ്വയം അവതരിപ്പിക്കുന്നത്.


ജനത്തിന്റെ പ്രതികരണം എന്താണ്?
എല്ലാവരും അവനെ ഒരു പ്രവാചകനായി കരുതുന്നു.
ചിലരൊക്കെ മിശിഹാ ആയും.


നിങ്ങളുടെ അഭിപ്രായം എന്താണ്?
അവന്റെ അത്ഭുതങ്ങൾ ക്ഷുദ്രപ്രയോഗങ്ങളാണ്.


സാധാരണ ജനത്തെ നമുക്കെതിരായി ഇളക്കിവിട്ട് അധികാരം പിടിച്ചെടുക്കാനാണ് ശ്രമം.
ബറാബ്ബാസിന്റെ ആൾക്കാരുമായി അവനു രഹസ്യബന്ധങ്ങളുണ്ടെന്ന് കേൾക്കുന്നു.



അവന്റെ വാക്കുകളും പ്രവർത്തികളും ശ്രദ്ധിച്ചാൽ ഒരു കാര്യം വ്യക്തമാണ്. ദൈവത്തിന്റെ അധികാരം സ്വന്തമാക്കാൻ ശ്രമിക്കുന്നു.
ദൈവത്തെ 'അബ്ബാ' എന്നാണവൻ വിളിക്കുന്നത്.


അവന്റെ ഉള്ളിലിരിപ്പ് എന്താണെന്ന് വ്യക്തമായി കണ്ടുപിടിക്കാൻ ശ്രമിക്കണം.
ജനങ്ങളെ അവനിൽനിന്ന് അകറ്റിയേ മതിയാകൂ.


നേതാക്കന്മാരെല്ലാം അവനെ വെറുത്തു കഴിഞ്ഞു. ഇനി കുറേ സാധാരണക്കാർ മാത്രമേ അവന്റെ കൂടെയുള്ളൂ.
അവരേയും അകറ്റണം. മേലിൽ സിനഗോഗിൽ പഠിപ്പിക്കാൻ അവനെ അനുവദിക്കരുത്. അവനെ അംഗീകരിക്കുന്നവർക്ക് ഭ്രഷ്ട് കൽപ്പിക്കുക.


റോമാക്കാരുമായി ഉടനെ ബന്ധപ്പെടണം. നമ്മൾ യേശുവിനെ അംഗീകരിക്കുന്നില്ലെന്ന് അവരെ അറിയിക്കണം. ഒപ്പം അവരുടെ സഹായം തേടുകയും വേണം.



അതേസമയം തീവ്രവാദികളുടെ സങ്കേതത്തിൽ.
ആമോസ്, ജറുസലെമിലെ ഒരുക്കങ്ങൾ എത്രടമായി?
ഫരിസേയറിൽ നല്ലൊരു പങ്കു നമ്മുടെ പക്ഷത്താണ്. എന്നാൽ സദുക്കായരെ ഒട്ടും വിശ്വസിക്കാനാവില്ല.
!
പള്ളിപ്പട്ടാളത്തിൽ അധികപേരും നമ്മുടെ കൂടെ ചേരും.


കൂടാരത്തിരുന്നാളിന് ഇനി രണ്ടാഴ്ചയേയുള്ളൂ. അന്ന് ഒരു പരീക്ഷണം എന്ന നിലയിൽ റോമാക്കാർക്കെതിരെ ഒരാക്രമണം നടത്തണം.
നസ്രായനായ യേശുവിന്റെ നേതൃത്വത്തിൽ പെസഹാക്കാലത്ത് ആക്രമിക്കാം എന്നല്ലേ നമ്മൾ തീരുമാനിച്ചത്?


നിർണായകമായ ഏറ്റുമുട്ടൽ അന്നാ
യിരിക്കും. എന്നാൽ ഒരു മിന്നലാ
ക്രമണത്തോടെ നമ്മുടെ ശക്തി തെളി
യിച്ചാൽ നമുക്കു ജനപിന്തുണ വേഗം കിട്ടും.
യേശുവും നമ്മുടെ കൂടെ
ചേരാൻ അതു
സഹായകമാവുകയും ചെയ്യും.


യേശുവിൻറെ കാര്യം അത്ര തീർച്ചയാക്കേണ്ടാ.
എന്താ പുതിയ നീക്കങ്ങൾ വല്ലതുമുണ്ടായോ?
!
കഴിഞ്ഞദിവസം കഫർണാമിൽവച്ചു രാജാവാക്കാൻ ശ്രമിച്ചപ്പോൾ അവൻ ഒളിച്ചോടിയതു നിങ്ങൾ കണ്ടില്ലേ?


ഞങ്ങൾ കുറെ പണിപ്പെട്ടായിരുന്നു ജനത്തെ ഇളക്കിവിട്ടത്.
യൂദാസ് കഴിഞ്ഞ ദിവസം വന്നിരുന്നു. പെസഹായ്ക്കു യേശു ജെറുസലെമിന് പോകുന്നുണ്ട്. എന്നാൽ നമ്മുടെ പദ്ധതിയിൽ അവൻ പങ്കുചേരുമോ എന്നു തീർച്ചയില്ലത്രേ.
നമ്മൾ റോമാക്കാർക്കെതിരെ വിജയിക്കുന്നതു കണ്ടാൽ അവൻ തീർച്ചയായും നമ്മുടെ കൂടെ ചേരും.


ശരി ആമോസ്, ജോഷ്വാ, നിങ്ങൾ കൂടാരത്തിരുനാളിന്റെ അവസാനത്തെ ദിവസം രാത്രിയിലെ വലിയ ആഘോഷത്തിനിടയ്ക്ക് റോമൻ പടയാളികളെ ആക്രമിക്കണം. പത്തു പേർ പോയാൽ മതി.

യേശുവിന്റെ കുടുംബാംഗങ്ങളിൽ പലരും അവനിൽ
വിശ്വസിച്ചിരുന്നില്ല അവരിൽ ചിലർ യേശുവിനെ സമീപിച്ചു.




എന്റെ സമയം ഇനിയും ആയിട്ടില്ല.
സമയം ആരെയും കാത്തുനിൽക്കില്ല. കിട്ടുന്ന സമയം ശരിക്കുപയോഗിക്കുകയാണു വേണ്ടത്.


അംഗീകാരം കിട്ടാൻ പറ്റിയ സമയമാണിത്. പതിനായിരക്കണെക്കിനാളുകൾ ജറുസലേമിൽ ഉണ്ടാകും.
നിങ്ങൾക്ക് എപ്പോഴും അനുകൂലമായ സമയമാണ്. എന്നാൽ എനിക്ക് അങ്ങനെയല്ല.
!!


എല്ലാവരും തിരുനാളിനു പോയിക്കഴിഞ്ഞപ്പോൾ.
നമ്മൾ ഉടനെ ജെറുസലെമിലേക്കു പോവുകയാണ്.
ഗുരോ, തീർത്ഥാടകസംഘത്തിന്റെ കൂടെ പോകാമായിരുന്നല്ലോ. അവസാനത്തെ സംഘം ഇന്നലെ പുറപ്പെട്ടു.


ഇത്തവണ നമ്മൾ
രഹസ്യമായിട്ടാണ്
പോകുന്നത്.


അവർ ബഥാനിയായിൽ മാർത്ത, മേരി, ലാസർ എന്നീ സഹോദരങ്ങളുടെ വീട്ടിലെത്തി.
ഗുരോ, സ്വാഗതം. അങ്ങു വന്നതിനാൽ ഞങ്ങൾ ധന്യരായി.
ഗുരോ, എത്ര നാളായി ഞങ്ങൾ അങ്ങയെ കാത്തിരിക്കുന്നു.
ഇരിക്കിൻ. നിങ്ങൾക്കു വിശക്കുന്നുണ്ടാവുമല്ലോ. ഞാൻ അടുക്കളയിലേക്കു പോകട്ടെ.


ഗുരോ, ജെറുസലെമിൽ അങ്ങേയ്ക്ക് ശത്രുക്കൾ വർദ്ധിക്കുകയാണ്. എന്താ അധികാരികളെല്ലാം അങ്ങയെ വെറുക്കുന്നത്?
എന്റെ പിതാവ് ആകർഷിച്ചാലല്ലാതെ ആർക്കും എന്റെ അടുത്തേക്കു വരാൻ കഴിയില്ല.


ദൈവരാജ്യത്തിന്റെ രഹസ്യം ജ്ഞാനികളിലും വിവേകമതികളിലും നിന്നു മറച്ചുവയ്ക്കപ്പെട്ടിരിക്കയാണ്.


അവർ സംസാരിച്ചു കൊണ്ടിരിക്കുമ്പോൾ.
ഗുരോ, അടുക്കളയിൽ പണിയാൻ മേരി എന്നെ തന്നെ വിട്ടിരിക്കുന്നതു കണ്ടില്ലേ? അവ ളോട് എന്നെ സഹായിക്കാൻ പറയൂ.
മർത്താ, നീ പലതിനെക്കുറിച്ചും അസ്വസ്ഥയാകുന്നു. ഒന്നു മാത്രമേ ആവശ്യമുള്ളൂ.


മേരി നല്ല ഭാഗം തെരഞ്ഞെടുത്തിരിക്കുന്നു. അത് അവളിൽ നിന്ന് എടുക്ക പ്പെടുകയില്ല.

ജെറുസലെമിൽ കൂടാരത്തിരുനാൾ ആഘോഷം ആരംഭിച്ചു. ആദ്യദിവസം പ്രഭാതത്തിൽ പുരോഹിതന്മാർ സീലോഹാ കുളത്തിൽ നിന്നു വെള്ളം കോരി ആഘോഷമായി ദേവാലയത്തിലേക്കു കൊണ്ടുവന്നു. ജനം ഒലിവ് കമ്പുകൾവീശി ആർത്തു വിളിച്ചു.




തിരുനാളിന്റെ രണ്ടാം ദിവസം ജനങ്ങൾക്കിടയിൽ സംഭാഷണം.
നസ്രത്തിലെ യേശുവിനെ കാണുന്നില്ലല്ലോ? എല്ലാ തിരുന്നാളുകൾക്കും മുടങ്ങാതെ വരാറുള്ളതായിരുന്നു.
അധികാരികളെ ഭയന്നിട്ടായിരിക്കും.
എന്തിനാ ഭയപ്പെടുന്നത്? അവനൊരു നല്ല മനുഷ്യനല്ലേ?


നല്ലവനോ? ജനത്തെ മുഴുവൻ വഴിപിഴപ്പിക്കുകയാണ്.
ജനത്തെ വഴിപിഴപ്പിക്കുന്നത് അവനല്ല. നമ്മുടെ അധികാരികളാണ്.
പതുക്കെ പറയൂ, മറ്റാരും കേൾക്കേണ്ട.

തിരുനാളിന്റെ നാലാം ദിവസം യേശു ദേവാലയത്തിൽ വന്നു പഠിപ്പിക്കാൻ തുടങ്ങി.
അതറിഞ്ഞ് അധികാരികൾ അവനെ ബന്ധിക്കാൻ സൈനികരെ അയച്ചു.




ഇടയൻ തന്റെ ആടുകളെ പേരുചൊല്ലി വിളിച്ചു പുറത്തേക്കു നയിക്കുന്നു. ആടുകൾ ഇടയനെ അനുഗമിക്കുന്നു, അന്യരിൽനിന്നാകട്ടെ ഓടിയകലുന്നു.


ജനങ്ങൾക്കിടയിൽ.
ഇയാൾ എന്താണീ പറയുന്നത്? ആടിന്റെയും ഇടയന്റെയും കാര്യം എല്ലാവർക്കും അറിയാവുന്നതാണല്ലോ.
ഇതിന് മറ്റെന്തെങ്കിലും അർത്ഥമുണ്ടായിരിക്കും.


ഞാൻ നല്ല ഇടയ നാണ്. ആടുകളുടെ വാതിലും ഞാൻ തന്നെ. എനിക്ക് മുമ്പേ വന്നവരെല്ലാം കള്ള ന്മാരും കൊള്ളക്കാ രുമായിരുന്നു.
കള്ളൻ വരുന്നതു കൊല്ലാനും നശിപ്പിക്കാനുമാണ്. ഞാൻ വന്നിരിക്കുന്നത് ആടുകൾക്കു സമൃദ്ധമായി ജീവൻ നൽകുന്നതിനാണ്.


എന്റെ ആടുകൾ എന്നെ
അറിയുന്നു. ഞാൻ
ആടുകൾക്കു വേണ്ടി
ജീവൻ അർപ്പിക്കുന്നു.



ഈ ആലയിൽ പെടാത്ത ആടുകളുംഎനിക്കുണ്ട്. അവയും എന്റെ സ്വരം കേൾക്കും. അങ്ങനെ ഒരു ഇടയനും ഒരു ആട്ടിൻ കൂട്ടവും ആകും.
ദൈവമാണു നല്ല ഇടയൻ.
!!?
ഇവൻ ആരാണെന്നാ ഭാവിക്കുന്നത്!


യേശു ദേവാലയത്തിൽ തുടർന്നു പഠിപ്പിച്ചു. അവനെ ബന്ധിക്കാൻ അവർക്ക് കഴിഞ്ഞില്ല. ദൈവം നിശ്ചയിച്ച സമയം ഇനിയും. ആയില്ല. തിരുന്നാളിന്റെ അവസാന ദിവസം.
യേശുവിനെ അവർ ബന്ധിച്ചില്ലല്ലോ, ഒരുപക്ഷേ അവനാണ് ക്രിസ്തുവെന്ന് അധികാരികളും വിശ്വസിക്കുന്നുണ്ടായിരിക്കും.
ഏതായാലും അവൻ ഒരു പ്രവാചകനാണെന്നതിൽ ഒരു സംശയവുമില്ല.
അതാ യേശുവിന്റെ സ്വരമല്ലേ ആ കേൾക്കുന്നത്.


ആർക്കെങ്കിലും ദാഹിക്കുന്നു വെങ്കിൽ എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽ നിന്നു ജീവന്റെ അരുവികൾ ഒഴുകും.
?!!!
ഇവൻ എന്താണീ പറയുന്നത്? എന്താണീ ജീവജലം?
സീലോഹാ കുള ത്തിലേതിനേക്കാൾ മെച്ചപ്പെട്ട ജലം എവിടെയാണു ള്ളത്?


പടയാളികൾ അവരെ അയച്ചവരുടെ അടുക്കൽ തിരിച്ചെത്തി.
യേശു
എവിടെ?
ഇത്ര മനോഹര
മായും  അധികാരത്തോടെ
യും ഇതുവരെ ആരും
സംസാരിച്ചിട്ടില്ല.
!??


നിങ്ങളും വഞ്ചിക്കപ്പെട്ടോ?
നിയമം അറിയാത്ത
ശപിക്കപ്പെട്ട ഈ ജനക്കൂട്ട
മല്ലാതെ  അധികാരികളിൽ
ആരെങ്കിലും അവനിൽ
വിശ്വസിക്കുന്നുണ്ടോ?


ശരിക്കു വിചാരണ ചെയ്യാതെ ഒരാളെ കുറ്റം വിധിക്കാൻ നമ്മുടെ നിയമം അനുവദിക്കുന്നുണ്ടോ?
റബ്ബീ, നിക്കാദേമൂസ്, ഗലീലിയിൽനിന്ന് ഒരു പ്രവാചകനും വരില്ല എന്ന് താങ്കൾക്കറിയില്ലേ? വിശുദ്ധ ഗ്രന്ഥം പരിശോധിച്ചു നോക്കൂ!
!


സായാഹ്നമായപ്പോൾ യേശുവും
ശിഷ്യരും ഒലിവ് മലയിലേക്കു പോയി.
ഹല്ലേലുയ്യാ... ഹല്ലേലുയ്യാ...
അദോനായ്.... ഇസ്രായേലേ ഉണരൂ! റോമൻ നുകം വലിച്ചെറിയൂ.


അടുത്ത നിമിഷം.
!?
?!!!


സഹോദരങ്ങളേ, സംഘടിക്കുവിൻ. റോമക്കാർക്കെതിരേ ആയുധമെടുക്കുവിൻ.
!!!!


റോമൻ സൈന്യം അങ്കണത്തിലേക്ക് ഇരച്ചുകയറി.
തീവ്രവാദികളും അല്ലാത്തവരുമായ അനേകരെ കൊലചെയ്തു.
???


പിറ്റേന്നു യേശു ദേവാലയത്തിലേക്കു വന്നു.
റബ്ബീ, പീലാത്തോസിന്റെ ക്രൂരത കണ്ടില്ലേ? എത്ര പേരെയാണ് ഇന്നലെ ഇവിടെ കുരുതികഴിച്ചത്!
ഗലീലിയിൽനിന്നു ബലിയർപ്പിക്കാൻ വന്നവർ ബലിയർപ്പിക്കപ്പെട്ടു.
എന്നാണ് ഇതിനൊരു അറുതി വരിക?
മറ്റെല്ലാവരെയുംകാൾ വലിയ പാപികളായിരുന്നു അവർ എന്ന് നിങ്ങൾ കരുതുന്നുണ്ടോ? അല്ല. അനുതപിച്ചില്ലെങ്കിൽ നിങ്ങൾക്കും ഇതുതന്നെ ആയിരിക്കും സംഭവിക്കുക.


അവർ സംസാരിച്ചുകൊണ്ടി രുന്നപ്പോൾ കുറെ പേർ കൂടി ഒരു സ്ത്രീയെ അവന്റെ അടുക്കൽ കൊണ്ടുവന്നു.
ഗുരോ, ഇവൾ വ്യഭിചാരത്തിൽ പിടിക്കപ്പെട്ടവളാണ്. മോശയുടെ നിയമപ്രകാരം കല്ലെറിഞ്ഞു കൊല്ലേണ്ടവൾ.
?!!
ഇവളെ എന്തു ചെയ്യണം? അങ്ങ് എന്തു പറയുന്നു?
മറുപടി പറയൂ!


നിങ്ങളിൽ
പാപമില്ലാത്തവർ
ആദ്യം അവളെ
കല്ലെറിയട്ടെ.



ഇത് കേട്ടപ്പോൾ മുതിർന്നവർ തുടങ്ങി ഓരോരുത്തരായി സ്ഥലം വിട്ടു.




ഞാനും നിന്നെ വിധിക്കുന്നില്ല. സമാധാനത്തോടെ പോവുക. മേലിൽ പാപം ചെയ്യരുത്.


യേശു അവിടെ നിന്നു പോകുമ്പോൾ ജന്മനാ അന്ധനായ ഒരുവനെ കണ്ടു.
കരുണ തോന്നണേ. ഈ കുരുടനു ധർമ്മം തരണേ.
ഗുരോ, ഇയാൾ കുരുടനായി ജനിച്ചത് ആരുടെ പാപം കാരണമാണ്? ഇയാളുടെയോ ഇയാളുടെ മാതാപിതാക്കളുടെയോ?
രണ്ടുമല്ല. ദൈവത്തിന്റെ പ്രവർത്തി ഇവനിൽ പ്രകടമാകാൻ വേണ്ടിയാണ്.


എന്നെ അയച്ചവന്റെ പ്രവർത്തികൾ പകൽ ആയിരിക്കുമ്പോൾ ഞാൻ ചെയ്യേണ്ടിയിരിക്കുന്നു. ആർക്കും ജോലിചെയ്യാൻ കഴിയാത്ത രാത്രി വരുന്നു.
! ! ?



യേശു നിലത്തു തുപ്പി ചളിയുണ്ടാക്കി അവന്റെ കണ്ണിൽ പൂശി.
ലോകത്തിലായിരിക്കുമ്പോൾ ഞാൻ ലോകത്തിന്റെ പ്രകാശമാണ്.
!


പോയി സീലോഹാ
കുളത്തിൽ കഴുകുക.
!


അവൻ പോയി കഴുകി.
!!!?





എനിക്ക് കാണാം. ആകാശവും
ഭൂമിയും കാണാം.
നിങ്ങളെയെല്ലാം കാണാം.
ഓ.. എത്ര മനോഹരം!
!!!!


കുരുടനായിരുന്നവൻ സന്തോഷത്താൽ തുള്ളിച്ചാടി പട്ടണത്തിലൂടെ നടന്നു.
ഇതു ദേവാലയ വാതിൽക്കൽ  ഇരിക്കാറുള്ള കുരുടനല്ലേ?
അവനെപ്പോലെ ഇരിക്കുന്നെന്നേയുള്ളൂ.
കുരുടനായിരുന്നവൻ ഞാൻ തന്നെയാണ്.


ഫരിസേയർ അവനെ ചോദ്യം ചെയ്തു.
നീ കുരുടനായിരുന്നു എന്നതു ശരിയാണോ?
എങ്കിൽ നിനക്ക് എങ്ങനെ കാഴ്ച കിട്ടി?
യേശു എന്റെ കണ്ണിൽ ചെളി പുരട്ടി. സിലോഹായിൽ കഴുകാൻ പറഞ്ഞു. ഞാൻ കഴുകി. ഇപ്പോൾ ഞാൻ കാണുന്നു.


അവനെക്കുറിച്ചു നീ എന്തു പറയുന്നു?
അവൻ ഒരു പ്രവാചകനാണ്.
?!!


അവർ കുരുടന്റെ മാതാപിതാക്കന്മാരെ ചോദ്യം ചെയ്തു.
നിങ്ങളുടെ മകൻ ജന്മനാ കുരുടനായിരുന്നോ?
അവൻ ജനിച്ചത് തന്നെ കുരുടനായിട്ടാണ്.
പക്ഷേ എങ്ങനെ കാഴ്ച കിട്ടി എന്നു ഞങ്ങൾക്കറിയില്ല.


അവനു പ്രായപൂർത്തിയായയല്ലോ. അവനോടു തന്നെ ചോദിക്കുവിൻ.
സത്യം പറഞ്ഞാൽ ഇവർ സമൂഹത്തിൽനിന്നു പുറത്താക്കും.

ഫരിസേയർ അവനെ വീണ്ടും ചോദ്യം ചെയ്തു.




അവൻ എന്താണു ചെയ്തത്?
ഞാൻ പറഞ്ഞല്ലോ, ഇനിയും എന്തിനാ പറയുന്നത്? എന്താ നിങ്ങളും അവന്റെ ശിഷ്യരാകാൻ ആഗ്രഹിക്കുന്നോ?
നീയാണ് അവന്റെ ശിക്ഷ്യൻ. ഞങ്ങൾ മോശയുടെ ശിഷ്യന്മാരാണ്.


ഈ യേശു എവിടെനിന്നാണെന്നു ഞങ്ങൾക്കറിയില്ല.
ഇതു വിചിത്രം തന്നെ. കുരുടന്റെ കണ്ണു തുറന്നവൻ ദൈവത്തിൽനിന്നല്ലെങ്കിൽ പിന്നെ ആരാണു ദൈവത്തിൽ നിന്നുള്ളത്?
ശപിക്കപ്പെട്ട നീയാണോ ഞങ്ങളെ പഠിപ്പിക്കാൻ വരുന്നത്.


കടക്കൂ പുറത്ത്. മേലിൽ ദേവാലയത്തിലോ സിനഗോഗിലോ പ്രവേശിച്ചുകൂടാ.

അവർ അവനു ഭ്രഷ്ടു കൽപ്പിച്ചു എന്നറിഞ്ഞ യേശു അവനെ കണ്ടപ്പോൾ.




കർത്താവേ ഞാൻ വിശ്വസിക്കുന്നു.
കുരുടർ കാണുകയും കാഴ്ചയുള്ളവർ കുരുടരാവുകയും ചെയ്യേണ്ടതിനാണ് ഞാൻ ഈ ലോകത്തിലേക്ക് വന്നത്.
?!


അതു  കേട്ടു നിന്ന ഫരിസേയർ.
ഞങ്ങളും അന്ധരോ?
??
അന്ധരായിരുന്നെങ്കിൽ നിങ്ങൾക്ക് പാപം ഉണ്ടാകുമായിരുന്നില്ല. എന്നാൽ കാഴ്ചയുള്ളവരെന്ന് നടിക്കുന്നതിനാൽ നിങ്ങളിൽ പാപം നിലനിൽക്കുന്നു.


യേശു ഗലീലിയിൽ മടങ്ങിയെത്തി.
ഗുരോ, പിതൃസ്വത്തിന്റെ ന്യായമായ അവകാശം എനിക്കു തരാൻ എന്റെ ഈ സഹോദരനോട് അങ്ങു പറയണം.
ഞങ്ങളുടെ പിതാവു മരിച്ചിട്ടു വർഷങ്ങളായി. ഞാനാണ് ഈ കാലം മുഴുവൻ അധ്വാനിച്ച് ഇവനെ വളർത്തിയത്.
?!!
എന്നു കരുതി പിതൃസ്വത്തിന്റെ അവകാശം കൊടുക്കില്ല എന്നു പറയുന്നത് ന്യായമാണോ?


എനിക്ക് ഓർമ്മവച്ച നാൾ മുതൽ ഒരടിമയെപ്പോലെ ഞാൻ പണിയെടുക്കുന്നു.
നിനക്ക് കിട്ടേണ്ടതിന്റെ ഇരട്ടി തന്നു കഴിഞ്ഞു. ഞാൻ അധ്വാനിച്ചുണ്ടാക്കിയത് എന്റേതാണ്.


അത്യാഗ്രഹം വെടിയുവിൻ. സമ്പത്തുകൊണ്ടല്ല മനുഷ്യ ജീവിതം ധന്യമാകുന്നത്. പണ്ടൊരു കർഷകനുണ്ടായിരുന്നു.


ഈ വർഷത്തെ
വിളവു കൊള്ളാം. ഇതെല്ലാം
കൊയ്തു കൂട്ടാൻ
അറപ്പുരയിൽ സ്ഥലമില്ലല്ലോ.


നമ്മുടെ അറപ്പുര പൊളിച്ചു വലുതാക്കി പണിയണം.
ഉള്ളതു പൊളിച്ചുകളയാതെ പുതിയതൊന്നു കൂട്ടിച്ചേർത്താൽ പോരേ?


പോരാ, ധാന്യം സൂക്ഷിക്കാൻ  വലിയൊരറപ്പുര പുതുതായി പണിയണം. നാളെത്തന്നെ പണി ആരംഭിക്കണം.
ഞാൻ പോയി വേറെ വേലക്കാരെ കൂട്ടിക്കൊണ്ടുവരാം.


ഇനി അനേക
വർഷത്തേക്ക് എനിക്കു
തിന്നു കുടിച്ചു
സുഖമായി ജീവിക്കാം.
ആരെങ്കിലും വായ്പ്പ
ചോദിച്ചാൽ പലിശയ്ക്കു
കൊടുക്കുകയും
ചെയ്യാം.


അന്നു രാത്രി ആ ധനികൻ മരിച്ചു. സമ്പാദിച്ചതുകൊണ്ട് അയാൾക്ക് എന്ത് ഫലമുണ്ടായി?


ദൈവതിരുമുമ്പിൽ സമ്പന്നനാകാതെ സ്വത്തു ശേഖരിക്കുന്നവർക്കെല്ലാം ഇതുതന്നെ ആയിരിക്കും സംഭവിക്കുക.
വേണ്ട ഗുരോ, എനിക്കു സ്വത്തു വേണ്ട. അങ്ങയുടെ കൂടെ പോരാൻ അനുവദിക്കണം. ഞാൻ പോയി കൂട്ടുകാരോടൊക്കെ യാത്ര പറഞ്ഞിട്ടു വരട്ടെ.


കലപ്പയിൽ കൈ വെച്ചിട്ടു തിരിഞ്ഞു നോക്കുന്നവൻ ദൈവരാജ്യത്തിനു യോഗ്യനല്ല.


മാതാപിതാക്കളെയും സഹോദരങ്ങളെയും
എന്നല്ല സ്വന്തജീവനെത്തന്നെയും
ഉപേക്ഷിക്കാതെ ആർക്കും
എന്റെ  ശിഷ്യനായിരിക്കുവാൻ
സാധിക്കുകയില്ല.
?!!!


കെട്ടിടം പണിയാൻ തുടങ്ങുന്നതിനു മുമ്പേ പണിതീർക്കാൻ തനിക്കു കഴിവുണ്ടോ എന്ന് ആലോചിക്കാത്ത ആരെങ്കിലുമുണ്ടോ?
അല്ലെങ്കിൽ പണി പൂർത്തിയാക്കാൻ കഴിയാത്തവൻ എന്നു വഴിപോക്കർ അവനെ പരിഹസിക്കും.


യജമാനനേക്കാൾ വലിയ ഭൃത്യനില്ല. ഗുരുവിനെക്കാൾ വലിയ ശിക്ഷ്യനില്ല. എനിക്കു കിട്ടുന്നതിനേക്കാൾ മെച്ചമായിരിക്കില്ല എന്റെ ശിക്ഷ്യർക്കു കിട്ടുന്ന സ്വീകരണം.


എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നവർ കുരിശു വഹിക്കാൻ തയ്യാറായിരിക്കണം. ആലോചിച്ചു തീരുമാനിക്കൂ
ഗുരോ, ഞാൻ വരുന്നു. എന്നെ ശക്തിപ്പെടുത്തണം.


സാബത്തു  ദിവസം യേശു ഒരു സിനഗോഗിൽ പ്രവേശിച്ചു.
കൂനിയായ ഒരു സ്ത്രീ അവിടെ ഉണ്ടായിരുന്നു.
ഇങ്ങോട്ട് അടുത്തു വരൂ!
?!!!


സ്ത്രീയേ, നിന്റെ
രോഗത്തിൽനിന്നു നീ
മോചിക്കപ്പെട്ടിരിക്കുന്നു.
സമാധാനത്തോടെ
പോവുക.


ഉടനെ.
ഹല്ലേലുയ്യാ.. കർത്താവേ അങ്ങേയ്ക്കു സ്തോത്രം.


ജോലി ചെയ്യാവുന്ന ആറു ദിവസമുണ്ട്. ചികിത്സ വേണ്ടവർ ആ ദിവസങ്ങളിൽ വന്നു രോഗശാന്തി നേടിക്കൊള്ളൂ. സാബത്തിൽ വേണ്ട.
കപടഭക്തരേ, സാബത്തിൽ നിങ്ങൾ കന്നുകാലിയെ തൊഴുത്തിൽനിന്നഴിച്ചു തീറ്റിയും വെള്ളവും കൊടുക്കാറില്ലേ?


നിങ്ങളുടെ കാളയോ കഴുതയോ കുഴിയിൽ വീണാൽ  പിടിച്ചു കയറ്റാൻ സാബത്ത് കഴിയുന്നതുവരെ കാത്തിരിക്കുമോ?


പതിനെട്ടു വർഷമായി സാത്താൻ ബന്ധിച്ചിട്ടിരുന്ന ഇവളെ സാബത്തിൽ  അഴിച്ചു വിടേണ്ടതില്ലെന്നോ?
!
വാസ്തവം!

ഇതുകേട്ടു യേശുവിന്റെ എതിരാളികൾ ലജ്ജിച്ചു. സാധാരണ ജനം സന്തോഷത്തോടെ ദൈവത്തെ സ്തുതിച്ചു. ഒരു ദിവസം.




അവയെല്ലാം ചെറുപ്പം മുതലേ ഞാൻ കണിശമായി അനുസരിക്കുന്നുണ്ട്.
നിനക്കൊരു കുറവുണ്ട്. പോയി നിനക്കുള്ളതെല്ലാം വിറ്റു ദരിദ്രർക്കു ദാനം ചെയ്യുക. അപ്പോൾ നിനക്കു സ്വർഗ്ഗത്തിൽ നിക്ഷേപമുണ്ടാകും.


പിന്നെ വന്ന് എന്നെ അനുഗമിക്കുക.
എല്ലാം? എന്റെ പിതാക്കന്മാരും ഞാനും സമ്പാദിച്ചതെല്ലാം?
എല്ലാം.


ആ യുവാവു വിഷാദത്തോടെ മടങ്ങിപ്പോയി. അവൻ വലിയ ധനികനായിരുന്നു.
ധനവാൻ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക എത്ര പ്രയാസം!
?!!!!
ധനവാൻ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതിനേക്കാൾ എളുപ്പം ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നതാണ്.




അങ്ങനെയെങ്കിൽ രക്ഷ പ്രാപിക്കാൻ ആർക്കു കഴിയും?
മനുഷ്യന് അസാധ്യമാണ്. എന്നാൽ ദൈവത്തിന് അസാധ്യമായി ഒന്നുമില്ല.


ഗുരോ ധനികരെല്ലാം നമ്മെ വെറുത്തു തുടങ്ങി.
ചെറിയ അജഗണമേ ഭയപ്പെടേണ്ട. നിങ്ങൾക്കു രാജ്യം നൽകാൻ നിങ്ങളുടെ പിതാവു പ്രസാദിച്ചിരിക്കുന്നു.


സമ്പത്തു വിറ്റു ദാനം ചെയ്യുവിൻ. നിങ്ങളുടെ നിക്ഷേപം സ്വർഗ്ഗത്തിൽ വലുതായിരിക്കും.


നിന്റെ നിക്ഷേപം എവിടെയോ, അവിടെ നിന്റെ ഹൃദയവും.

അടുത്ത ചിത്രകഥ

# മാർഗ്ഗം

സ്വന്തക്കാർ അവനെ
തിരസ്കരിച്ചു.
അനുഭാവികൾ
അകന്നുമാറി.
ശിഷ്യന്മാർ അനേകർ
വിട്ടുപോയി.
അധികാരികൾ
ശത്രുക്കളായി.

# ചോദ്യങ്ങൾ

(1)യഹൂദ മതാധികാരികൾ യേശുവിനെ വെറുക്കാൻ കാരണമെന്ത്?
(2)യേശു കൂടാരത്തിരുനാളിനു പോകുന്നില്ല എന്നു പറഞ്ഞതെന്തുകൊണ്ട്?
(3)മർത്തായുടെയും മേരിയുടെയും ഉദാഹരണങ്ങൾ എന്ത് പാഠമാണു നൽകുന്നത്?
(4)കൂടാരത്തിരുന്നാളിൽ എന്തിന്റെ ഓർമ്മയാണ് ആചരിക്കുന്നത്?
(5)നല്ല ഇടയൻ ആടുകൾക്കുവേണ്ടി എന്തു ചെയ്യുന്നു?
(6)സൈനികർ യേശുവിനെ ബന്ധിക്കാതിരുന്നത്എ എന്തുകൊണ്ട്ന്തു?
(7)യഹൂദർ വ്യഭിചാരണിയെ കല്ലെറിയാതിരുന്നത് എന്തുകൊണ്ട്?
(8)അന്ധനായി ജനിച്ചവനിലൂടെ എങ്ങനെയാണ് ദൈവമഹത്വം പ്രകടമായത്?
(9)ഭോഷനായ ധനികന്റെ ഉപമ സ്വന്തവാക്കുകളിൽ പറയുക.
(10) ധനികനായ യുവാവു വിഷാദത്തോടെ മടങ്ങാൻ കാരണമെന്ത്?

# സമ്പൂർണ്ണ ബൈബിൾ ചിത്രകഥകളിലൂടെ

1. കായേനും ആബേലും
2. അബ്രാഹം
3. യാക്കോബ്
4. ജോസഫ്
5. മോശ
6. ജോഷ്വാ
7. സാംസൺ
8. റൂത്ത്
9. സാമുവേൽ
10. സാവൂൾ
11. ദാവീദ്
12. ദാവീദുരാജാവ്
13. സോളമൻ
14. ഏലിയാ
15. ആമോസ്
16. ഹോസിയാ
17. മിക്കാ
18. ഏശയ്യാ
19. ജറെമിയാ
20. എസെക്കിയേൽ
21. സഖറിയാ
22. യോനാ
23. ജോബ്
24. തോബിത്
25. ദാനിയേൽ
26. സൂസന്ന
27. എസ്തേർ
28. യൂദിത്ത്
29. മക്കബേയൂസ്
30. മക്കബായർ
31. കാത്തിരിപ്പ്
32. ലോകത്തിന്റെ പ്രകാശം
33. മുന്നോടി
34. പ്രവാചകൻ
35. വിമോചകൻ
36. വരാനിരുന്നവൻ
37. പ്രപഞ്ചത്തിന്റെ നാഥൻ
38. ദൈവപുത്രൻ
39. മനുഷ്യപുത്രൻ
40. കുരിശിന്റെ നിഴലിൽ
41. മാർഗ്ഗം
42. ദാവീദിന്റെ പുത്രൻ
43. ജീവന്റെ അപ്പം
44. രക്ഷകൻ
45. എന്നും നമ്മോടുകൂടെ
46. തീനാവുകൾ
47. രക്തസ്നാനം
48. അകലങ്ങളിലേക്ക്
49. നൈവേദ്യം
50. പുതിയ ആകാശവും പുതിയ ഭൂമിയും